# തിരുവനന്തപുരം നഗരസഭ

## കൗൺസിൽ തീരുമാനം നം. 3 (എ) 6 തീയതി: 14/09/2023

**R11/90967/2018:** കൗൺസിൽ തീരുമാനം നം. 3 (എഫ്) 2 തീയതി 11.07.2018 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ള സ്വകാര്യ വണ്ടിത്താവളങ്ങൾ നിയന്ത്രിക്കുന്നതിനുള്ള ബൈലോ നിലവിലുള്ളത് പരിഷ്കരിക്കുന്നതിന് തയ്യാറാക്കിയ കരട് ബൈലോ അംഗീകരിച്ചു.

**കുറിപ്പ്:-** വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിരക്കിൽ വ്യത്യാസം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## നഗരസഭാ പ്രദേശത്തെ സ്വകാര്യ വണ്ടിത്താവളങ്ങൾ നിയന്ത്രിക്കുന്നതിനുള്ള ബൈലോ

**1. നിർവ്വചനം**

**1.1. വണ്ടിത്താവളം**

ഫീസ് ഈടാക്കിയോ അല്ലാതെയോ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി തിരുവനന്തപുരം നഗരസഭാ പ്രദേശത്ത് സ്വകാര്യ വ്യക്തികളോ, സ്വകാര്യ/ഓട്ടോണമസ് സ്ഥാപനങ്ങളോ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന സ്ഥലസൗകര്യത്തെ യാണ് വണ്ടിത്താവളം എന്ന് അർത്ഥമാക്കുന്നത്. എന്നാൽ കെട്ടിട സമുച്ചയത്തോട് ചേർന്ന് കെ.എം.ബി.ആർ പ്രകാരം അനിവാര്യമായി ഉണ്ടായിരിക്കേണ്ട പാർക്കിങ്ങ് ഏരിയ വണ്ടിത്താവളം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതല്ല.

**1.2. കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ്സ് റൂൾസ് (കെ.എം.ബി.ആർ)**

കേരള മുനിസിപ്പാലിറ്റിസ് ആക്ട് 1994 ന്റെ ഭാഗമായി പാസാക്കിയ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ്സ് റൂൾസ് എന്ന് അർത്ഥമാകുന്നു.

**1.3. കൗൺസിൽ**

നഗരസഭാ കൗൺസിൽ എന്ന് അർത്ഥമാകുന്നു.

**1.4. വാഹന ഉപഭോക്താവ്**

വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി വണ്ടിത്താവളങ്ങളിൽ എത്തിക്കുകയും അവിടെയുള്ള പാർക്കിങ്ങ് സൗകര്യം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നയാൾ.

**2. ലക്ഷ്യങ്ങൾ**

2.1. തിരുവനന്തപുരം നഗരത്തിൽ വണ്ടിത്താവളങ്ങൾ നടത്തുന്നതിനുള്ള സൗകര്യം ഒരുക്കുകയും ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക.

2.2. തിരുവനന്തപുരം നഗരസഭാ പരിധിയിലെ എല്ലാ വണ്ടിത്താവളങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുകയും അനധികൃത പാർക്കിങ്ങ് പിരിവും ചൂഷണവും ഇല്ലാതാക്കുകയും ചെയ്യുക.

2.3. നഗരവാസികൾക്ക് ന്യായമായ നിരക്കിൽ സുരക്ഷിതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുക.

2.4. അനധികൃത പാർക്കിങ്ങ് മൂലമുള്ള നഗരത്തിലെ ഗതാഗത കുരുക്ക് ഒഴിവാക്കുക.

**3. വണ്ടിത്താവളങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കൽ**

3.1. വണ്ടിത്താവളങ്ങൾ ആരംഭിക്കുന്നതിന് നിശ്ചിത ഫോറത്തിൽ (അനുബന്ധ–1) അപേക്ഷ നഗരസഭ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

3.2. ലൈസൻസ് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് നഗരസഭയിലെ റവന്യൂ വിഭാഗത്തിന്റെ ചുമതലയാണ്. സ്ഥലസൗകര്യം, ഫയൽ ഫൈറ്റിംഗ് സംവിധാനം എന്നിവ സബന്ധിച്ച സാങ്കേതിക പരിശോധന എഞ്ചിനീയറിങ്ങ് വിഭാഗവും ശുചിത്വം, പൊതുജനാരോഗ്യം എന്നിവ സംബന്ധിച്ച പരിശോധന നഗരസഭാ ഹെൽത്ത് വിഭാഗവും നിർവ്വഹിക്കേണ്ടതാണ്.

3.3. വണ്ടിത്താവളങ്ങൾ ആരംഭിക്കുന്നത് ഏതെങ്കിലും കെട്ടിട സമുച്ചയത്തോട് ചേർന്നാണെങ്കിൽ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പാർക്കിംഗ് ഏരിയ പ്രത്യേകം വേർതിരിക്കേണ്ടതും ഇങ്ങനെ വേർതിരിക്കുന്ന സ്ഥലത്ത് ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭ്യമാക്കേണ്ടതു മാണ്.

3.4. വണ്ടിത്താവളത്തിൽ പാർക്ക് ചെയ്യുന്നതിന് കഴിയുന്ന വാഹനങ്ങളുടെ എണ്ണം പാർക്കിംഗ് ഏരിയയുടെ വിസ്തൃതി, സാങ്കേതിക വിദ്യ എന്നിവ പരിഗണിച്ച് നിശ്ചയിക്കേണ്ടതാണ്.

3.5. നഗരസഭയിൽ വണ്ടിത്താവളങ്ങൾ ആരംഭിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ 6 ആഴ്ചയ്ക്കകം തീർപ്പാക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം അപേക്ഷ തീർപ്പാക്കാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയായി പരിഗണിക്കുന്നതും ലൈസൻസ് ലഭിച്ചതായി കണക്കാക്കി നിശ്ചിത ഫീസ് ഈടാക്കി അപേക്ഷകന് ലൈസൻസ് അനുവദിക്കേണ്ടതുമാണ്.

3.6. വണ്ടിത്താവള ലൈസൻസ് പ്രത്യേക ഫോർമാറ്റിൽ നൽകേണ്ടതാണ്. ഇങ്ങനെ അനുവദിക്കപ്പെടുന്ന ലൈസൻസിൽ ലൈസൻസ് നമ്പർ, ലൈസൻസിയുടെ പേരും മേൽവിലാസവും, ഫോൺ നമ്പർ, പാർക്ക് ചെയ്യാവുന്ന വാഹനങ്ങളുടെ തരം, എണ്ണം, സാങ്കേതിക വിദ്യ, വണ്ടിത്താവളത്തിന്റെ ആകെ ഉയരം എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ് (ലൈസൻസ് ഫോർമാറ്റ്: അനുബന്ധം 2).

**4. ലൈസൻസ് പുതുക്കൽ**

4.1. വണ്ടിത്താവളങ്ങൾ ആരംഭിക്കുന്നതിന് അർഹരായവർക്ക് ലൈസൻസ് അനുവദിക്കുന്നതിന് മുമ്പ് കാലാകാലങ്ങളിൽ നഗരസഭ നിശ്ചിയിക്കുന്ന ഫീസ് അപേക്ഷകനിൽനിന്ന് ഈടാക്കേണ്ടതാണ്. നിലവിൽ വണ്ടിത്താവളങ്ങൾ ആരംഭിക്കുന്നതിന് 3,000/- രൂപ വാർഷിക ഫീസ് ഈടാക്കുന്നതാണ്. ലൈസൻസ് നിരക്ക് കൗൺസിലിന്റെ അംഗീകാരത്തോടെ കാലാകാലങ്ങളിൽ നിയമാനുസൃതം പുതുക്കുന്നതാണ്.

4.2. വണ്ടിത്താവള ലൈസൻസിന്റെ കാലാവധി ഒരു സാമ്പത്തിക വർഷം ആയിരിക്കും. ഓരോ വർഷവും മുൻകൂറായി അപേക്ഷയും ലൈസൻസ് ഫീസും നഗരസഭയിൽ സമർപ്പിച്ച് ലൈസൻസ് പുതുക്കേണ്ടതാണ്.

**5. വണ്ടിത്താവളത്തിൽ ബോർഡുകൾ സ്ഥാപിക്കൽ**

5.1. വണ്ടിത്താവളങ്ങൾക്ക് പേര്, മേൽവിലാസം, ഫോൺ നമ്പർ, ലൈസൻസ് നമ്പർ എന്നിവ സൂചിപ്പിച്ചിട്ടുള്ള നെയിം ബോർഡ് (മാതൃക: അനുബന്ധം – 3) പൊതുജനങ്ങൾ കാണത്തക്കവിധം സ്ഥാപിച്ചിരിക്കേണ്ടതാണ്.

5.2. വണ്ടിത്താവളത്തിൽ ഓരോ ഇനം വാഹനത്തിനും നിശ്ചയിച്ചിട്ടുള്ള നിരക്ക് രേഖപ്പെടുത്തിയ ബോർഡ് (മാതൃക: അനുബന്ധം – 4) എല്ലാ ഉപഭോക്താക്കളും കാണത്തക്കവിധത്തിൽ സ്ഥാപിക്കേണ്ടതാണ്.

**6. വണ്ടിത്താവളം ലൈസൻസിയുടെ ഉത്തരവാദിത്തങ്ങൾ**

6.1. വണ്ടിത്താവളത്തിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളുടെ പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടത് ലൈസൻസിയുടെ ഉത്തരവാദിത്തമാണ്.

6.2. ഫീസ് പിരിച്ചെടുക്കുന്നതിനും വണ്ടിത്താവളത്തിൽ വാഹനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ ജീവനക്കാരെ വണ്ടിത്താവളത്തിന്റെ ലൈസൻസി ഏർപ്പെടുത്തേണ്ടതാണ്.

6.3. വണ്ടിത്താവളത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ആവശ്യമായ ക്യാബിൻ, കുടിവെള്ളം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തേണ്ടതാണ്.

6.4. വണ്ടിത്താവളത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ ജീവനക്കാർക്കും നിശ്ചിത മാതൃകയിലുള്ള ഐ.ഡി കാർഡ് ഉണ്ടായിരിക്കേണ്ടതാണ്.

6.5. വണ്ടിത്താവളത്തിൽ പാർക്ക് ചെയ്യുന്നതിനായി എത്തിച്ചേരുന്ന വാഹനത്തിന്റെ വിശദാംശങ്ങൾ, എത്തിച്ചേർന്ന സമയം എന്നിവ രേഖപ്പെടുത്തിയ രസീത് ലൈസൻസി ബന്ധപ്പെട്ട വാഹന ഉപഭോക്താവിന് നൽകേണ്ടതും, ഈ രസീതിന്റെ അടിസ്ഥാനത്തിൽമാത്രം പാർക്കിംഗ് ഫീസ് ഈടാക്കേണ്ടതുമാണ്.

6.6. വണ്ടിത്താവളത്തിൽ എത്തുന്ന വാഹനങ്ങളുടെ വിശദാംശവും എത്തിച്ചേരുന്ന സമയവും പുറത്ത് പോകുന്ന സമയവും അതത് വണ്ടിത്താവളത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിലോ (മാതൃക: അനുബന്ധം-5) ഇലക്ട്രോണിക്കായോ വ്യക്തമായി രേഖപ്പെടുത്തിയിരി ക്കേണ്ടതും നഗരസഭയുടെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നപക്ഷം ഹാജരാക്കേണ്ടതുമാണ്.

6.7. വണ്ടിത്താവളങ്ങളിൽ മഴയും വെയിലും ഏൽക്കാതെ വാഹനങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക സൗകര്യമൊരുക്കാവുന്നതാണ്. ഇത്തരത്തിൽ പ്രത്യേക സൗകര്യം ഒരുക്കുന്ന വണ്ടിത്താവളങ്ങൾക്ക് നഗരസഭ നിശ്ചയിക്കുന്ന അധിക നിരക്കിൽ പാർക്കിംഗ് ഫീസ് ഈടാക്കാവുന്നതാണ്.

6.8. വണ്ടിത്താവളത്തിൽ സ്ത്രീകൾ, പുരുഷൻമാർ, ജെന്റർ ന്യൂട്രൽ എന്നീ വിഭാഗ ങ്ങൾക്ക് പ്രത്യേകം പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം ഒരുക്കേണ്ടതാണ്.

**7. വണ്ടിത്താവളങ്ങളിലെ വാഹനങ്ങളുടെ പാർക്കിങ്ങ് ഫീസ് നിരക്ക്**

7.1. വണ്ടിത്താവളങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഓരോ വാഹനത്തിന്റെയും തരം, പാർക്ക് ചെയ്യുന്ന സമയം എന്നിവയുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ നഗരസഭ കൗൺസിൽ പാർക്കിംഗ് ഫീസ് നിരക്ക് നിശ്ചയിച്ച് നൽകുന്നതാണ്. ഇങ്ങനെ നഗരസഭ നിശ്ചയിക്കുന്ന ഫീസ് മാത്രമേ സ്വകാര്യ വണ്ടിത്താവളങ്ങൾ ഈടാക്കാൻ പാടുള്ളൂ.

നിലവിൽ ഈടാക്കാവുന്ന പാർക്കിംഗ് ഫീസ് നിരക്ക് (ജി.എസ്.ടി ഒഴികെ) ചുവടെ ചേർക്കുന്നു.

**സോൺ-1:** എ. ടൂറിസ്റ്റ് ഏര്യ(കോവളം, മ്യൂസിയം, വേളി, ശംഖുംമുഖം, പത്മനാഭസ്വാമി ടെമ്പിൾ) വാണിജ്യ മേഖല ('ചാല', പാളയം) (500 മീറ്ററിനകത്ത്)

**ബി.** നഗരസഭ പ്രാഥമിക മേഖലയിൽ 10 മീറ്ററിന് മുകളിൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള വണ്ടിതാവളം

**സി.** നഗരസഭ ദ്വിതീയ, ത്രിതീയ മേഖകളിൽ 16 മീറ്ററിന് മുകളിൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള വണ്ടിതാവളം

| | **ഇനം** | **വണ്ടിത്താവളം** | |
|---|---|---|---|
| | | **മേൽക്കൂരയുള്ളത്** | **മേൽക്കൂര യില്ലാത്തത്** |

| | | ആദ്യ 4 മണി ക്കൂർ | 12 മണിക്കൂർ വരെ ഓരോ 4 മണിക്കൂറിനും | 12 മണിക്കൂറിന് മേൽ ഓരോ 4 മണിക്കൂറിനും | ആദ്യ 4 മണിക്കൂർ | 12 മണിക്കൂർ വരെ ഓരോ 4 മണിക്കൂറിനും | 12 മണിക്കൂറിന് മേൽ ഓരോ 4 മണിക്കൂറിനും |
|---|---|---|---|---|---|---|---|
| | മോട്ടോർ സൈക്കിൾ/ സ്കൂട്ടർ | 12 | 12 | 20 | 8 | 8 | 12 |
| | ഓട്ടോറിക്ഷ | 15 | 18 | 22 | 10 | 10 | 12 |
| | കാർ ചെറുത് | 25 | 25 | 30 | 15 | 15 | 20 |
| | കാർ വലുത് (SUV/ഇന്നോവ) | 30 | 30 | 35 | 20 | 20 | 25 |
| | മിനിവാൻ (15 സീറ്റർ) | 35 | 35 | 45 | 25 | 25 | 30 |
| | മിനി ബസ് | 50 | 50 | 55 | 30 | 30 | 35 |
| | ബസ്/ലോറി | 80 | 80 | 100 | 50 | 50 | 60 |
| | വലിയ ട്രക്കുകൾ | 120 | 120 | 160 | 90 | 90 | 130 |

**സോൺ-2:സോൺ-1-ൽ വരാത്ത മറ്റു നഗരസഭ പരിധിയിൽ വരുന്ന പ്രദേശങ്ങൾ**

| | ഇനം | വണ്ടിത്താവളം | | | | | |
|---|---|---|---|---|---|---|---|
| | | മേൽക്കൂരയുള്ളത് | | | മേൽക്കൂര യില്ലാത്തത് | | |
| | | ആദ്യ 4 മണി ക്കൂർ | 12 മണിക്കൂർ വരെ ഓരോ 4 മണിക്കൂറിനും | 12 മണിക്കൂറിന് മേൽ ഓരോ 4 മണിക്കൂറിനും മേൽ ഓരോ 4 മണിക്കൂറിനും | ആദ്യ 4 മണിക്കൂർ | 12 മണിക്കൂർ വരെ ഓരോ 4 മണിക്കൂറിനും 4 മണിക്കൂറിനും | 12 മണിക്കൂറിന് മേൽ ഓരോ 4 മണിക്കൂറിനും |
| | മോട്ടോർ സൈക്കിൾ/സ്കൂട്ടർ | 10 | 10 | 15 | 5 | 5 | 10 |
| | ഓട്ടോറിക്ഷ | 12 | 15 | 20 | 8 | 8 | 10 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കാർ ചെറുത് | 20 | 20 | 25 | 10 | 10 | 15 |
| | കാർ വലുത് SUV/ഇന്നോവ | 25 | 25 | 30 | 15 | 15 | 20 |
| | മിനിവാൻ (15 സീറ്റർ) | 30 | 30 | 40 | 20 | 20 | 25 |
| | മിനി ബസ് | 40 | 40 | 45 | 25 | 25 | 30 |
| | ബസ്/ലോറി | 50 | 50 | 60 | 40 | 40 | 50 |
| | വലിയ ട്രക്കുകൾ | 100 | 100 | 140 | 70 | 70 | 110 |

കുറിപ്പ്: പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകൾ എന്നാൽ, നഗരസഭയുടെ വസ്തു നികുതിക്കായി നിശ്ചയിച്ചിട്ടുള്ള മേഖലകൾ

**8. വാഹന ഉപഭോക്താവിന്റെ ചുമതലകൾ**

8.1. വണ്ടിത്താവളത്തിൽ എത്തിക്കുന്ന വാഹനങ്ങളുടെ ഉടമസ്ഥത സംബന്ധിച്ച എല്ലാ ഉത്തരവാദിത്വങ്ങളും വാഹന ഉപഭോക്താവിന്റേതായിരിക്കും.

8.2. വാഹനങ്ങൾ സധാരണഗതിയിൽ പരമാവധി രണ്ട് ദിവസത്തിൽ കൂടുതൽ സൂക്ഷിക്കാൻ പാടില്ലാത്തതാണ്. കൂടുതൽ ദിവസം സൂക്ഷിക്കുന്നതിന് വണ്ടിത്താവളം നടത്തിപ്പുകാരനെ കൂടാതെ പോലീസ് അധികാരികൾ, നഗരസഭാ അധികാരികൾ എന്നിവരുടെ പ്രത്യേക അനുമതി വാങ്ങേണ്ടതാണ്.

8.3. വാഹനങ്ങൾ വണ്ടിത്താവളത്തിൽ അലോട്ട് ചെയ്യുന്ന സ്ഥലത്ത് വണ്ടിത്താവള നടത്തിപ്പുകാരന്റെ നിർദ്ദേശാനുസരണം പാർക്ക് ചെയ്യേണ്ടതാണ്.

8.4. വിലപിടിപ്പുള്ള സാധനങ്ങൾ വാഹനത്തിൽ ഉണ്ടെങ്കിൽ അത് വണ്ടിത്താവള നടത്തിപ്പുകാരനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**9. വണ്ടിത്താവളത്തിന്റെ മേൽനോട്ട/ നിയന്ത്രണ സംവിധാനം**

9.1. വണ്ടിത്താവളത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ക്രമക്കേടുകളോ അപാകതകളോ കണ്ടുകയോ ബൈലോ പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് തിരുവനന്തപുരം നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

9.2. ബൈലോ കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ മേൽനോട്ട/മോണിറ്ററിങ്ങ് ചുമതല ടൗൺ പ്ലാനിംഗ് സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കായിരിക്കും.

9.3. ഓരോ റവന്യൂ ഇൻസ്പെക്ടറും തങ്ങളുടെ പ്രവർത്തന പരിധിയിലുള്ള അംഗീകൃത വണ്ടിത്താവളങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

9.4. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന വണ്ടിത്താവളങ്ങൾ നടത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും 10,000/- രൂപയിൽ കുറയാത്ത തുക പിഴ ഈടാക്കുന്നതിനും അടച്ചുപൂട്ടുന്നതിനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

9.5. വണ്ടിത്താവളത്തിൽ ഉണ്ടാകുന്ന ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സ്വന്തമായി മാലിന്യ സംസ്ക്കരണ സംവിധാനം ഉണ്ടായിരിക്കേണ്ടതും അജൈവ മാലിന്യങ്ങൾ നഗരസഭ അംഗീകരിച്ച ഏജൻസികൾ മുഖേന കൈയ്യൊഴിയേണ്ടതു മാണ്.

9.6. വണ്ടിത്താവളത്തിൽ ഫയൽ ഫൈറ്റിംഗ് സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്.

9.7. വണ്ടിത്താവളങ്ങൾ ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് റവന്യൂ ഇൻസ്പെക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

**10. സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, രേഖകൾ**

10.1. ലൈസൻസ്

10.2. പാർക്ക് ചെയ്യുന്ന വാഹനങ്ങളുടെ രജിസ്റ്റർ

10.3. ജീവനക്കാരെ സംബന്ധിച്ച രജിസ്റ്റർ

10.4. നഗരസഭ നിശ്ചയിക്കുന്ന മറ്റു രജിസ്റ്ററുകൾ, രേഖകൾ

**11.** ഈ ബൈലോയിൽ വണ്ടിത്താവള നടത്തിപ്പിനുവേണ്ടതായ കാര്യങ്ങൾ വല്ലതും വിട്ടുപോയിട്ടുണ്ടെങ്കിൽ ഉൾപ്പെടുത്തുന്നതിനായി ബൈലാ ഭേദഗതി വരുത്തുന്നതിന് തിരുവനന്തപുരം നഗരസഭാ കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിരക്കിൽ വ്യത്യാസം വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് അയക്കുന്നതിനും തീരുമാനിച്ചു.

**(ഒപ്പ്)**
**മേയർ**

**// ശരിപ്പകർപ്പ് //**

**കൗൺസിൽ സെക്രട്ടറി**